15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3049 — 13-07-2022 - ൽ മറുപടിയ്ക്ക്

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ബി.എം.& ബി.സി നിലവാരത്തിലെ റോഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡുകൾ ബി.എം& ബി.സി നിലവാരത്തിൽ ആധുനികീകരിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര കിലോമീറ്റർ റോഡുകൾ ഇപ്രകാരം നവീകരിക്കേണ്ടതുണ്ടെന്നും വിശദമാക്കുമോ? | (എ) | **വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നിരത്തു വിഭാഗത്തിന്റെ കീഴിൽ ബി.എം & ബി.സി നിലവാരത്തിൽ പൂർത്തിയായ റോഡുകളുടെ ദൂരം - 44.437 കി.മീ ഉം നിലവിൽ ബി.എം.& ബി.സി പ്രവൃത്തി നടക്കുന്ന റോഡുകളുടെ ദൂരം - 20.386 കി.മീ ഉം ഇനി നവീകരിക്കേണ്ട ദൂരം - 78.632 കി.മീ ഉം ആണ്.**<br><br>**കെ.ആർ.എഫ്.ബി യുടെ കീഴിൽ ബി.എം.& ബി.സി നിലവാരത്തിൽ പൂർത്തിയായ റോഡുകൾ ഇല്ല. രണ്ട് റോഡുകളാണ് നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**<br><br>**1) ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്ന 5.1 കി.മീ. ദൂരമുള്ള വടക്കാഞ്ചേരി ബൈപ്പാസ് എന്ന പ്രവൃത്തി.**<br><br>**2) പീച്ചി വാഴാനി ടൂറിസം കോറിഡോർ പദ്ധതിയിൽ കി.മീ 0/000 (മുടിക്കോട്) മുതൽ 18/650 (കരുമാത്ര) വരെ 05/08/2019 ൽഎഗ്രിമെന്റ് വച്ചെങ്കിലും കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതി ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയുടെ കരാർ, 17/02/2020 തീയതി ഫോർ ക്ലോസ്സ് ചെയ്യുകയുണ്ടായി. പ്രവൃത്തി രണ്ട് ഘട്ടങ്ങളായി ചെയ്യുന്നതിനും തീരുമാനമായി. 0/000 മുതൽ 7/000 വരെ രണ്ടാം ഘട്ടം, 7/000 മുതൽ 18/650 ഒന്നാം ഘട്ടം. ഇതിൽ കി.മീ. 11/650 (കുണ്ടുകാട്) മുതൽ കി.മീ 18/650 (കരുമാത്ര) വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. വീതി ലഭ്യമായ കി.മീ. 7/000 (പൊങ്ങണംകാട്) മുതൽ 18/650 (കരുമാത്ര) വരെ ഒന്നാം ഘട്ടമായി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **സാങ്കേതികാനുമതി നല്കുന്ന നടപടികൾ പുരോഗമിക്കുന്നു.**<br><br>**കെ.എസ്.ടിപി പദ്ധതിയായ തൃശ്ശൂർ - കുറ്റിപ്പുറം റോഡിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന 7 കി.മി നീളം ഈ പദ്ധതിയിലുൾപ്പെടുത്തി ബി.എം.&ബി.സി ചെയ്യാൻ പദ്ധതിയുണ്ട്.** |

സെക്ഷൻ ഓഫീസർ